# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2587** **09.05.2017 ൽ മറുപടിയ്ക്ക്**

## തെങ്ങ് കൃഷി ക്രമാനുഗതമായി കുറഞ്ഞു വരുന്ന സ്ഥിതി

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് തെങ്ങ് കൃഷി ക്രമാനുഗതമായി കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | എ) സംസ്ഥാനത്തെ പ്രധാന വിളയായ തെങ്ങ് കൃഷി 2012-13 വർഷം 798162 ഹെക്ടറിലും, 2013-14 വർഷം 808647 ഹെക്ടറിലും, 2014-15 വർഷം 793856 ഹെക്ടറിലും 2015-16 വർഷം 790223 ഹെക്ടറിലും കൃഷി ചെയ്തു വരുന്നതായി സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. |
| ബി) കേരളത്തിലെ തെങ്ങിന്റെ ഉല്പാദനക്ഷമത ദേശീയ ശരാശരിയേക്കാൾ കുറവായത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | ബി) കേന്ദ്ര സർക്കാരിന്റെ കണക്കുകൾ പ്രകാരം കേരളത്തിൽ നാളികേരത്തിന്റെ ഉല്പാദനക്ഷമത 2013-14 ൽ 5152 കി.ഗ്രാം/ഹെക്ടറും ദേശീയ ശരാശരി 6966 കി.ഗ്രാം/ ഹെക്ടറുമാണ്. 2014-15 ൽ കേരളത്തിന്റേതു 5186 കി.ഗ്രാം/ഹെക്ടറും ദേശീയ ശരാശരി 7164 കി.ഗ്രാം/ഹെക്ടറുമാണ്.<br>സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ട് ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ചുകൊണ്ട് നാളികേര ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ 2017-18 ലെ വാർഷിക പദ്ധതിയിൽ നാളികേര വികസന പദ്ധതികൾക്കായി 4500 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ഉൾക്കൊള്ളിച്ചു കൊണ്ടുള്ള കേരഗ്രാമം ഉൾപ്പെടെയുള്ള പദ്ധതികളുടെ ആസൂത്രണ നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | |
|---|---|---|
| സി) | തെങ്ങ് കൃഷിയുടെ പുരോഗതിക്കായി ശാസ്ത്രീയമായ പരിചരണവും വളപ്രയോഗവും സംസ്ഥാനതലത്തിൽ ഒരു പുതിയ പദ്ധതിയായി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നടപടികൾ കാസർഗോഡ് ജില്ലയിൽ സ്വീകരിക്കുമോ? | സി) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്തുടനീളം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേര ഗ്രാമങ്ങൾ രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. സമഗ്ര നാളികേര വികസനത്തിനായുള്ള ശാസ്ത്രീയ പരിചരണ മുറകൾ എല്ലാം തന്നെ ഈ പദ്ധതിയിൽ ഘടകങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനായി 3332.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>അത്യുല്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും രൂപപ്പെടുത്തി വരുന്നു. ആയതിനായി 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കൂടാതെ തെങ്ങുകളെ ബാധിക്കുന്ന കീട രോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ക്യാമ്പെയിൻ അടിസ്ഥാനത്തിൽ ജനകീയ പങ്കാളിത്തത്തോടെ അവലംബിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. ഇതിനായി 300 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. |

s. [signature]

**സെക്ഷൻ ഓഫീസർ**